
ചരിത്രാഖ്യായിക ● **അബ്ദുർറഹ്മാൻ മങ്ങാട്**

## സൈനബ്(റ) – 6

# തിരിച്ചു കിട്ടിയ നിധി



**അബുൽആസ്** മക്കയിൽ മടങ്ങിയെത്തി. ലാഭകരമായി കച്ചവടം നടത്തി തിരിച്ചുവരുന്നതു കണ്ട ഖുറൈശികൾ ആഹ്ലാദിച്ചു. യസ്‌രിബിൽവെച്ച് മുസ്‌ലിംകളുമായുണ്ടായ സംഘർഷങ്ങളെക്കുറിച്ച് പലരും പലതും ചോദിച്ചുകൊണ്ടിരുന്നു. പ്രത്യേകിച്ച് ഒന്നും പറയാതെ ഓരോരുത്തരുടെയും ബാധ്യതകൾ തീർക്കുന്നതിൽ വ്യാപൃതനായി നിന്നു അദ്ദേഹം. തുടർന്ന് ഉയർന്ന സ്ഥലത്ത് കയറിനിന്ന് എല്ലാവരും കേൾക്കെ വിളിച്ചു ചോദിച്ചു:

"ഖുറൈശീ സമൂഹമേ! ഞാൻ നിങ്ങൾക്കാർക്കെങ്കിലും എന്തെങ്കിലും ബാധ്യത തീർക്കാനുണ്ടോ?"

"ഇല്ല. പടച്ചവൻ നിനക്ക് നന്മ വരുത്തട്ടെ. ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്ന വിശ്വസ്തനായി മാത്രമേ ഞങ്ങൾ നിന്നെ കണ്ടിട്ടുള്ളൂ"- അവർ മറുപടി പറഞ്ഞു.

അവരുടെ നേരെ ഒന്നുകൂടി കണ്ണോടിച്ചുകൊണ്ട് അയാൾ അളന്നുതിട്ടപ്പെടുത്തിയ ഓരോ വാക്കും സാവകാശം പറഞ്ഞു- "അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ് അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു. നിങ്ങളുടെ പണം ഭക്ഷിക്കലാണ് എന്റെ ഉദ്ദേശ്യമെന്ന് നിങ്ങൾ തെറ്റിദ്ധരിക്കുമെന്ന് ഭയന്നാണ് ഞാനിതുവരെ ഇസ്‌ലാം പ്രഖ്യാപിക്കാതിരുന്നത്. നിങ്ങളുടെയെല്ലാവരുടെയും ബാധ്യത തീർത്ത സ്ഥിതിക്ക് ഇനിയെനിക്ക് ഇസ്‌ലാം സ്വീകരിക്കാം. ആരെയും ഭയക്കേണ്ടതില്ല."

ഖുറൈശികൾ അതുകേട്ട് തരിച്ചു നിന്നു. അവരുടെ വിഷാദവും വിഷണ്ണതയും വകവെക്കാതെ അബുൽആസ് മദീനയിലേക്ക് യാത്രതിരിച്ചു.

അൻസ്വാറുകളുടെ നഗരം ആഘോഷപൂർവം തന്നെ അബുൽആസിനെ വരവേറ്റു. ഹിജ്റ ഏഴ് മുഹർറമിന്റെ പൊൻപുലരിയിൽ ഇസ്‌ലാം സ്വീകരിച്ചു മദീനയിലെത്തിയ അബുൽ ആസ് ഹാർദമായി സ്വീകരിക്കപ്പെട്ടു. വന്ന ഉടനെ സൈനബിന്റെ വീടിനു മുന്നിലൂടെ നടന്ന് അദ്ദേഹം പള്ളിയിലെത്തി. അദ്ദേഹം നബിക്ക് ബൈഅത്ത് ചെയ്യുന്നത് കണ്ടപ്പോൾ ജനങ്ങൾ തക്ബീർ ചൊല്ലി. അദ്ദേഹത്തിനു ചുറ്റുംകൂടി ഹസ്തദാനം ചെയ്തും ആലിംഗനം ചെയ്തും അഭിനന്ദിച്ചു. എങ്കിലും ആബുൽആസിന്റെ മനസ്സിൽ പലവിധ ആശങ്കകളുമുണ്ടായിരുന്നു. പ്രവാചകൻ സൈനബിനെ തനിക്ക് മടക്കിത്തരുമോ? മനസ്സ് അസ്വസ്ഥമായിരുന്നു. മുമ്പുള്ള എല്ലാ കാര്യ

ങ്ങളെയും ഇസ്‌ലാം മായ്ച്ചുകളയുന്നുവെന്ന കേട്ടറിവ് അയാളെ കൂടുതൽ പ്രയാസത്തിലാക്കി. ഒടുവിൽ ധൈര്യം സംഭരിച്ച് പ്രവാചകസന്നിധിയിൽ ചെന്നു. സൈനബിനെ തന്റെ ഭാര്യയായി മടക്കിത്തരണമെന്ന ആവശ്യം നബിയോട് അബുൽആസ് നേരിട്ട് ഉന്നയിച്ചു. അബുൽആസിന്റെ സ്‌നേഹത്തെയും നന്മനിറഞ്ഞ മനസ്സിനെയും തിരുനബി അഭിനന്ദിച്ചു. അദ്ദേഹം എഴുന്നേറ്റ് അബുൽആസിനെയും കൂട്ടി വീട്ടിലേക്ക് നടന്നു. സൈനബിന്റെ മനസ്സ് അബുൽആസിന് അഭയം കൊടുത്ത വേളയിലും അതിനു മുമ്പേതന്നെയും സുതാര്യമായി വായിച്ചറിഞ്ഞിരുന്നു അദ്ദേഹം. പ്രവാചകൻ സൈനബിനെ വിളിച്ച് അബുൽആസിന്റെ കൈയിൽ അവളെ തിരിച്ചേൽപിച്ചു. ഇത് ഒന്നാമത്തെ നികാഹിന്റെ അടിസ്ഥാനത്തിൽ മടക്കിയെടുത്തതാണെന്നും, അതല്ല പുതിയ നികാഹ് നടത്തിയതാണെന്നും രണ്ടഭിപ്രായമുണ്ട്.

ഏതായാലും അതുവഴി വേർപ്പെട്ടുകിടന്ന ബന്ധം കൂട്ടിയോജിപ്പിക്കപ്പെട്ടു. സുദീർഘമായ വേർപാടിനു ശേഷം പരസ്പരം അതിരറ്റു സ്‌നേഹിക്കുന്ന രണ്ടു മനുഷ്യാത്മാക്കൾ ഒന്നിച്ചു ചേർന്നു.

ആ സമ്മോഹനജീവിതം ഒരു വർഷത്തോളമേ നീണ്ടുനിന്നുള്ളൂ. ഈ ലോകത്തുവെച്ച് ഒന്നിനും വേർപെടുത്താനാവാത്തതിനെ മരണം വേർപെടുത്തി. ഹിജ്‌റ എട്ടാം വർഷത്തിന്റെ തുടക്കത്തിൽതന്നെ സൈനബ് മരണപ്പെട്ടു. രോഗിയും ദുർബലയുമായി കഴിഞ്ഞിരുന്നു അവർ. മക്കയിൽനിന്ന് മദീനയിലേക്കുള്ള ഹിജ്‌റാ മധ്യേ ശത്രുക്കളുടെ വേട്ടയാടലിനിരയായി ഒട്ടകപ്പുറത്തുനിന്ന് പാറപ്പുറത്തേക്ക് തെറിച്ചുവീണതിനെത്തുടർന്നുണ്ടായ ഗർഭച്ഛിദ്രാനന്തര രോഗങ്ങൾ മൂർഛിച്ചാണ് മരണം സംഭവിച്ചതെന്ന് പറയപ്പെടുന്നു.

അബുൽആസിനു താങ്ങാവുന്നതിലുമപ്പുറമായിരുന്നു ആ മരണം. അതദ്ദേഹത്തെ മാനസികമായി ഉലച്ചു. തനിക്കുവേണ്ടി മാത്രമുള്ള അവളുടെ കാത്തിരിപ്പിന്റെയും പ്രാർഥനകളുടെയും ത്യാഗഭരിതമായ സ്‌നേഹത്തിന്റെയും പുണ്യം നിറഞ്ഞ ഓർമകൾ അയാളെ തരള ചിത്തനാക്കിത്തീർത്തു. മൃതദേഹത്തിനടുത്തുനിന്ന് അദ്ദേഹം മാറാൻ കൂട്ടാക്കിയില്ല. ഒടുവിൽ പ്രവാചക തിരുമേനി തന്നെ അദ്ദേഹത്തെ സാവധാനം പിടിച്ചുമാറ്റി.

ഒരിക്കലും മടക്കമില്ലാത്ത യാത്ര പോകുന്ന തന്റെ മകളുടെ നിശ്ചലശരീരം പ്രവാചകൻ ഒരുവേള പ്രാർഥനാപൂർവം നോക്കിനിന്നു. മസ്ജിദുന്നബവിയിൽ വെച്ചുനടന്ന ജനാസ നമസ്‌കാരത്തിനു നേതൃത്വം നൽകിയത് പ്രവാചകനായിരുന്നു. തുടർന്ന്, വിശുദ്ധഭൂമിയിൽ സ്വന്തം കൈകൊണ്ട് തിരുനബി സൈനബിനെ ഖബറടക്കി.

ഇന്നലെവരെ സ്‌നേഹത്തിന്റെ ഉദാരവസന്തമായിരുന്ന വീട്ടിലേക്ക് അബുൽആസ് മടങ്ങിച്ചെന്നു. വിഷാദമായ നിശബ്ദതയും മധുരസ്മൃതികളുടെ ഗൃഹാതുരമായ നിരാശയും അയാളെ വലയം ചെയ്തു. സൈനബ് പോയിരിക്കുന്നു. ഇനിയീ ഭൂമിയിലേക്കവൾ വരില്ല. ഇനിയിത് ദുഃഖത്തിന്റെയും ഓർമകളുടെയും വീടാണ്.

വിഷാദം അബുൽആസിനെ തകർത്തുകളയുമായിരുന്നു. പുത്രൻ അലിയുടെ കളിതമാശകളിൽ അദ്ദേഹത്തിനൽപം ആശ്വാസം കിട്ടി. സൈനബിന്റെ രൂപസാദൃശ്യമുള്ള മകൾ ഉമാമയായിരുന്നു മറ്റൊരാശ്വാസം.

തിരുമേനിക്കാവട്ടെ സൈനബിന്റെ മരണത്തിലുള്ള ദുഃഖത്തിന് സാന്ത്വനമേകിയത് സൈനബിന്റെ മകൾ ഉമാമയുടെസാന്നിധ്യമാണ്. പ്രവാചകൻ അവളെ കളിപ്പിക്കുകയും അങ്ങനെ ശാന്തി കണ്ടെത്തുകയും ചെയ്തു. ഉമാമയെ ചുമലിലേറ്റി പ്രവാചകൻ നമസ്‌കരിക്കുകയും സുജൂദിലേക്ക് പോകുമ്പോൾ കുട്ടിയെ താഴെ വെച്ച് നമസ്‌കാരം പൂർത്തിയാക്കുകയും ചെയ്യാറുണ്ടായിരുന്നതായി ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം.

പ്രവാചകപത്നി ആഇശ ഉദ്ധരിച്ച ഒരു സംഭവമുണ്ട്. ഒരിക്കൽ നബിക്ക് ഒരു രത്നമാല പാരിതോഷികമായി കിട്ടി. എന്റെ കുടുംബത്തിലെ എനിക്കേറ്റവും ഇഷ്ടപ്പെട്ടവൾക്ക് ഞാനിതു കൊടുക്കുമെന്ന് റസൂൽ പ്രഖ്യാപിച്ചു. അത് ആഇശക്കാണ് കിട്ടുകയെന്ന് എല്ലാ സ്ത്രീകളും പറഞ്ഞു. പക്ഷേ സൈനബിന്റെ മകൾ ഉമാമയെ അടുത്ത് വിളിച്ച് മാല അവളുടെ കഴുത്തിൽ കെട്ടിക്കൊടുക്കുകയാണ് പ്രവാചകൻ ചെയ്തത്.

നബിക്ക് വളരെ ഇഷ്ടപ്പെട്ട പേരായിരുന്നു സൈനബ്. അദ്ദേഹത്തിന്റെ വളർത്തുപുത്രിയുടെ ആദ്യത്തെ പേര് ബർറ എന്നായിരുന്നു. അതുമാറ്റി സൈനബ് ബിൻത് അബീ സൽമ എന്നാക്കിയത് പ്രവാചകനാണ്. സൈനബ് ബിൻത് ജഹ്ശിന്റെ പേരും ബർറ എന്നായിരുന്നു. പ്രവാചകൻ തന്നെ അതും മാറ്റി.

**ഖുറൈശികൾ അതുകേട്ട് തരിച്ചു നിന്നു. അവരുടെ വിഷാദവും വിഷണ്ണതയും വകവെക്കാതെ അബുൽആസ് മദീനയിലേക്ക് യാത്ര തിരിച്ചു. അൻസ്വാറുകളുടെ നഗരം ആഘോഷപൂർവം തന്നെ അബുൽആസിനെ വരവേറ്റു. ഹിജ്‌റ ഏഴ് മുഹർറമിന്റെ പൊൻപുലരിയിൽ ഇസ്‌ലാം സ്വീകരിച്ചു മദീനയിലെത്തിയ അബുൽആസ് ഹാർദമായി സ്വീകരിക്കപ്പെട്ടു.**

സൈനബിന്റെ മരണം ഫാത്വിമയെ അഗാധമായ ദുഃഖത്തിലാഴ്ത്തിയെന്ന് പ്രത്യേകം പറയേണ്ടതില്ല. സൈനബ് അവർക്ക് എല്ലാമെല്ലാമായിരുന്നു. ഇത്താത്തയേക്കാൾ ഉമ്മയായും അതിനേക്കാൾ കൂട്ടുകാരിയായും ഫാത്വിമയെ സ്‌നേഹിക്കുകയും പരിചരിക്കുകയും ചെയ്ത സൈനബിന്റെ നഷ്ടം അവരെ തീവ്രമായി നൊമ്പരപ്പെടുത്തി. മക്കയിൽ ഒത്തൊരുമിച്ച് കഴിഞ്ഞനാളുകൾ അത്രമേൽ സ്‌നേഹപുഷ്കലമായിരുന്നു. വർഷങ്ങൾക്കു ശേഷം തന്റെ മകൾക്ക് സൈനബ് എന്ന പേരുനൽകിക്കൊണ്ട് ഇത്താത്തയോടുള്ള സ്‌നേഹാദരം അവൾ അനശ്വരമാക്കി.

ഹിജ്‌റ പന്ത്രണ്ടാം വർഷം ദുൽഹജ്ജ് മാസത്തിൽ ഒന്നാം ഖലീഫ അബൂബക്കറിന്റെ ഭരണകാലത്ത് അബുൽആസും ഈ ലോകത്തോട് യാത്ര പറഞ്ഞു. തന്റെ അമ്മാവന്റെ മകൻ സുബൈറിനോട് കുട്ടികളുടെ കാര്യം വസ്വിയ്യത്തു ചെയ്തിട്ടാണ് അദ്ദേഹം കണ്ണടച്ചത്. സുബൈറാണ് ഫാത്വിമയുടെ മരണശേഷം ഉമാമയെ അലിക്ക് വിവാഹം ചെയ്തുകൊടുത്തത്. അലിയുടെ നിര്യാണത്തിനു ശേഷം മുഹീറതുബിനുൽ ഹാരിസ് അവരെ വിവാഹം ചെയ്തെങ്കിലും സന്താന സൗഭാഗ്യമുണ്ടായില്ല. സഹോദരൻ അലിയും ചെറുപ്പത്തിൽതന്നെ മരിച്ചു. സൈനബിന്റെ താവഴി അതോടെ അവസാനിക്കുകയായിരുന്നു. ■

(അവസാനിച്ചു)